# ബൈബിൾവായനയ്ക്കൊരാമുഖം

(റവ.ഡോ. കുര്യൻ വാലുപറമ്പിൽ)

## അധ്യായം ഒന്ന്: ബൈബിളിലെ പുസ്തകങ്ങളും ബൈബിളെന്ന ഗ്രന്ഥവും

1.1. ബൈബിൾ ഗ്രന്ഥങ്ങളുടെ പേരുകൾ - ഗാനമായി
1.2 ബൈബിളിന് രണ്ടു പ്രധാന വിഭാഗങ്ങൾ
1.3 പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധം (relation)
1.4 പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ഐക്യം (unity)
1.4 ബൈബിൾ ഒരു ഗ്രന്ഥമാണ് (one book The Scripture, The Holy Scripture of Christianity)
1.4.1 ഐക്യത്തിനു നിദാനം: ദൈവികപദ്ധതിയുടെയും ദൈവികവെളിപാടിന്റെയും ഐക്യം
1.4.2 ഐക്യത്തിനു തെളിവ്: പ്രതിരൂപവിചിന്തനം (typology)
വിശുദ്ധ ഗ്രന്ഥവും അപ്പസ്തോലിക പാരമ്പര്യവും (വിശുദ്ധ പാരമ്പര്യവും)
1.5 ബൈബിൾ ഒരു ഗ്രന്ഥമാണ് (The Bible is One Book)
1.6 ബൈബിൾ ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥം (The Holy Scripture of Christianity: Spiritual Book)

## അധ്യായം രണ്ട്: ദൈവവചനം

ദൈവത്തിന്റെ സംസാരം = ദൈവിക വെളിപാട് (Divine Revelation) = ദൈവിക സന്ദേശം

2.1 ദൈവവചനരൂപങ്ങൾ
2.1.1 സ്വാഭാവിക വെളിപാട് (പ്രപഞ്ചവുംഅതിന്റെ സമ്പന്നതയും)
2.1..2 മതപാരമ്പര്യങ്ങൾ (ഹെബ്രാ 1,1-4)
2.1.3. ക്രൈസ്തവ വിളിപാട് (ഹെബ്രാ 1,1-4; യോഹ 1,1-14) = യേശുക്രിസ്തുവഴി
(ദൈവിക വെളിപ്പെടുത്തലിന്റെ ചരിത്രസംഗ്രഹം - ഹെബ്രാ 1,1-4)
പരിശുദ്ധ ത്രിത്വൈക ദൈവം = ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്
2.1.4 വിശുദ്ധ പാരമ്പര്യം,
2.1.5 ദൈവവചനം ലിഖിതരൂപത്തിൽ (ബൈബിൾ)

# ബൈബിൾവാനയ്ക്കോരാമുഖം

റവ.ഡോ. കുര്യൻ വാലുപറമ്പിൽ

## അധ്യായം ഒന്ന്: ബൈബിളിലെ പുസ്തകങ്ങൾ - 73

## അധ്യായം ഒന്ന്: ബൈബിളിലെ പുസ്തകങ്ങളും ബൈബിളെന്ന ഗ്രന്ഥവും

1.1. ബൈബിൾ ഗ്രന്ഥങ്ങളുടെ പേരുകൾ - ഗാനമായി
1.2 ബൈബിളിന് രണ്ടു പ്രധാന വിഭാഗങ്ങൾ
1.3 പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധം (relation)
1.4 പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ഐക്യം (unity)
1.4 ബൈബിൾ ഒരു ഗ്രന്ഥമാണ് (one book The Scripture, The Holy Scripture of Christianity)
1.4.1 ഐക്യത്തിനു നിദാനം: ദൈവികപദ്ധതിയുടെയും ദൈവികവെളിപാടിന്റെയും ഐക്യം
1.4.2 ഐക്യത്തിനു തെളിവ്: പ്രതിരൂപവിചിന്തനം (typology)
വിശുദ്ധ ഗ്രന്ഥവും അപ്പസ്തോലിക പാരമ്പര്യവും (വിശുദ്ധ പാരമ്പര്യവും)
1.5 ബൈബിൾ ഒരു ഗ്രന്ഥമാണ് (The Bible is One Book)
1.6 ബൈബിൾ ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥം (The Holy Scripture of Christianity: Spiritual Book)

## 1.1. ബൈബിൾഗ്രന്ഥങ്ങളുടെ പേരുകൾ

പുസ്തകങ്ങളുടെ പേരുകൾ ഗാനമായി (വഞ്ചിപ്പാട്ടുരീതി)

(രചന: ഫാദർ കുര്യൻ വാലുപറമ്പിൽ) (4.4.1998)

(മജ്ഞരി വൃത്തം/ഗാഥ - രീതി)

പാട്ടിലെ ചില വരികളുടെ /വാക്കുകളുടെ മുകളിൽ കൊടുത്തിട്ടുള്ള നമ്പറുകൾ വിശദീകരണത്തിനുള്ള കുറിപ്പുകളാണ്. അവയുടെ വിശദീകരണങ്ങൾ:

നമ്പർ 1 ഉത്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, നിയമാവർത്തനം എന്നീ അഞ്ചു പുസ്തകങ്ങൾ മോശയുടെ നിയമം എന്ന പേരിൽ അറിയപ്പെടുന്നു. അവയെ ഒന്നിച്ച് പഞ്ചഗ്രന്ഥി എന്നു വിളിക്കുന്നു. പഞ്ചഗ്രന്ഥിയുടെ വാച്യാർത്ഥം അഞ്ചു പുസ്തകങ്ങളുടെ സമാഹാരം എന്നാണ്.

നമ്പർ 2 സാമുവൽ, രാജാക്കന്മാർ, ദിനവൃത്താന്തം എന്നിവയ്ക്ക് രണ്ട് പുസ്തകങ്ങൾ വീതമുണ്ട്. അവ 1 സാമുവൽ, 2 സാമുവൽ; 1 രാജാക്കന്മാർ, 2 രാജാക്കന്മാർ; 1 ദിനവൃത്താന്തം, 2 ദിനവൃത്താന്തം..

(കൊച്ചുപെണ്ണേ കുയിലാളേ - രീതി)

വേദമുൾക്കൊള്ളുന്ന ഗ്രന്ഥം ബൈബിളെന്ന തിരുഗ്രന്ഥം
അതിലുണ്ടു രണ്ടു വിഭാഗങ്ങളും.
പഴയതും പുതിയതും എന്നു രണ്ടു നിയമങ്ങൾ
പുതിയത് പഴയതിൻ പൂർത്തീകരണം.

എഴുപത്തിമൂന്നു പുസ്തകങ്ങളവയൊത്തു
വേദസാരം ക്രിസ്തുവിനെ ഉൾക്കൊണ്ടിടുന്നു.
ഗ്രന്ഥങ്ങളിലുൾത്തിങ്ങുന്ന ദൈവവാക്കു മാനവന്റെ
വാക്കുകളിൽ വിശ്വത്തിന്റെ മോചന സത്യം.

**പഴയ നിയമത്തിലെ പുസ്തകങ്ങൾ**

(മഞ്ജരി വൃത്തം: ആറ്റിലേക്കച്ച്യുതാ - (നീട്ടി)

ഉത്പത്തി പിന്നെ പുറപ്പാടു ലേവ്യരും
സംഖ്യ ആവർത്തനം - പഞ്ചഗ്രന്ഥി.
ജോഷ്വായും ന്യായാധിപന്മാരും രൂത്തു-
1 സാമുവേൽ 2 സാമുവേലും.
1 രാജാക്കന്മാർ, 2 രാജാക്കന്മാർ
1 ദിനവൃത്താന്തം, 2 ദിനവൃത്താന്തം.
അവ കാട്ടും വിശ്വസ്തൻ കർത്താവിനെ.

എസ്രാ നെഹെമിയ തോബിത് യൂദിത്തും
എസ്തേറും 1, 2 മക്കബായരും.
ജോബ്, സങ്കീർത്തനങ്ങൾ സുഭാ-
ഷിതങ്ങൾ. സഭാപ്രസംഗകനും.

2

ഉത്തമഗീതം ജ്ഞാനം പ്രഭാഷകൻ
തൊട്ടു പിന്നാലെ പ്രവാചകന്മാർ:
ഏശയ്യാ ജെറെമിയ കൂടെ വിലാപങ്ങൾ
ബാറുക്, എസെക്കിയേൽ ദാനിയേലും.
ഹോസിയ ജോയേല്, ആമോസ് ഒബാദിയ
യോനാ മിക്കാ നാഹും ഹബക്കൂക്കും.
സെഫാനിയാ ഹഗ്ഗായി സഖറിയാ മാലാക്കി
ഇങ്ങനെ നാൽപത്തിയാറ് ഗ്രന്ഥങ്ങൾ
പഴയ നിയമത്തിലുണ്ടായതിൻ പൊരുള്
പുതിയ നിയമത്തിൽ പൂർണ്ണതയിൽ.

**പുതിയ നിയമത്തിലെ പുസ്തകങ്ങൾ**

(വഞ്ചിപ്പാട്ടുരീതി)

പുതിയ നിയമത്തിലുണ്ടിരുപത്തിയേഴു ഗ്രന്ഥം
ആദ്യം നാലു സുവിശേഷവിവരണങ്ങൾ.
മത്തായി, മർക്കോസ്, ലൂക്കാ യോഹന്നാനും
ക്രിസ്തുവിന്റെ ചരിത്രത്തിൻ ചിത്രീകരണം.

അപ്പോസ്തലപ്രവൃത്തികൾ, പിന്നെയുണ്ട്
പൗലോസിന്റെ പതിമൂന്നു ലേഖനങ്ങളും.
ലേഖനങ്ങളൊമ്പതെണ്ണം  സഭകൾക്കു കത്തുകൾ
സഭയിലെ ശ്രേഷ്ഠന്മാർക്കും നാലു കത്തുകൾ.

റോമാക്കാർക്ക് ഒന്നു മാത്രം, കോറിന്തോസുകാർക്ക് 1, 2,
ഒന്നു വീതം ഗലാത്തിയാക്കാർക്കും എഫേസോസുകാർക്കും
ഫിലിപ്പിയർക്കും കൊളോസോസുകാർക്കുമങ്ങനെ,
പിന്നെ, തെസലോനിക്കർക്കും 1, 2 ലേഖനങ്ങളും.
സഭാശ്രേഷ്ഠർക്കുള്ള ലേഖനങ്ങൾ നാലെണ്ണം അതിപ്രകാരം:
1 തിമോത്തിയോസ്, 2 തിമോത്തിയോസ്, തീത്തോസിനൊന്ന്.
ഫിലെമോനുമൊന്ന്, പിന്നെ ഹെബ്രായർക്ക് ഉള്ള ലേഖനവും
പൗലോസിന്റെ പേരിലല്ലോ അറിയുന്നിതാ!

കാതോലിക ലേഖനങ്ങൾ ഏഴാണവ സഭാശ്രേഷ്ഠർ
സഭകൾക്കയച്ചോരേഴു കത്തുകളല്ലോ.
യാക്കോബിന്റെ ലേഖനം, 1 പത്രോസ്, 2 പത്രോസ്
1, 2, 3 യോഹന്നാൻ, യൂദായുടെ ലേഖനമൊന്നും.
അവസാന പുസ്തകമായ് യോഹന്നാന്റെ വെളിപാട്
"“ഞാൻ വരുന്നു വേഗം” എന്ന മുദ്രയും കാണാം.

# ബൈബിൾവായനയ്ക്കൊരാമുഖം

റവ.ഡോ. കുര്യൻ വാലുപറമ്പിൽ

## അധ്യായം ഒന്ന്: ബൈബിളിലെ പുസ്തകങ്ങൾ - 73

### അധ്യായം ഒന്ന്: ബൈബിളിലെ പുസ്തകങ്ങളും ബൈബിളെന്ന ഗ്രന്ഥവും

1.1. ബൈബിൾ ഗ്രന്ഥങ്ങളുടെ പേരുകൾ - ഗാനമായി
1.2 ബൈബിളിന് രണ്ടു പ്രധാന വിഭാഗങ്ങൾ
1.3 പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധം (relation)
1.4 പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ഐക്യം (unity)
1.4 ബൈബിൾ ഒരു ഗ്രന്ഥമാണ് (one book The Scripture, The Holy Scripture of Christianity)
1.4.1 ഐക്യത്തിനു നിദാനം: ദൈവികപദ്ധതിയുടെയും ദൈവികവെളിപാടിന്റെയും ഐക്യം
1.4.2 ഐക്യത്തിനു തെളിവ്: പ്രതിരൂപവിചിന്തനം (typology)
വിശുദ്ധ ഗ്രന്ഥവും അപ്പസ്തോലിക പാരമ്പര്യവും (വിശുദ്ധ പാരമ്പര്യവും)
1.5 ബൈബിൾ ഒരു ഗ്രന്ഥമാണ് (The Bible is One Book)
1.6 ബൈബിൾ ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥം (The Holy Scripture of Christianity: Spiritual Book)

### 1.1. ബൈബിൾഗ്രന്ഥങ്ങളുടെ പേരുകൾ

പുസ്തകങ്ങളുടെ പേരുകൾ ഗാനമായി (വഞ്ചിപ്പാട്ടുരീതി)

### 1.2 ബൈബിളിന് രണ്ടു പ്രധാന വിഭാഗങ്ങൾ: പഴയ നിയമം, പുതിയ നിയമം.

പഴയ നിയമത്തിൽ നാല്പത്താറു പുസ്തകങ്ങൾ; പുതിയ നിയമത്തിൽ 27 പുസ്തകങ്ങൾ. പഴയ നിയമത്തിൽ നാല്പത്താറു പുസ്തകങ്ങൾ എന്നാണ് സാധാരണ പറയാറുള്ളത്; എങ്കിലും, *ജെറെമിയാ*, *വിലാപങ്ങൾ* എന്നീ പുസ്തകങ്ങൾ ഒരു പുസ്തകമായി കണക്കാക്കിയാൽ 45 പുസ്തകങ്ങൾ). പഴയ നിയമ ത്തിലെ പുസ്തകങ്ങൾ യേശുക്രിസ്തുവിന് മുമ്പ് എഴുതപ്പെട്ടവയും, പുതിയ നിയമത്തിലെ പുസ്തകങ്ങൾ യേശുക്രിസ്തുവിന് ശേഷം എഴുതപ്പെട്ടവയുമാണ്.

### 1.3. പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധം (relation / bond)

73 പുസ്തകങ്ങളും ഒരുപോലെ പരിശുദ്ധാത്മനിവേശനത്താൽ എഴുതപ്പെട്ടവയാണ്. (ii) ഒരേ രക്ഷാചരിത്ര മാണ് ബൈബിൾ അവതരിപ്പിക്കുന്നത്. പഴയ നിയമത്തിലുള്ളത് യേശുക്രിസതുവിനു മുമ്പ് എഴുതപ്പെട്ടതും പുതിയ നിയമത്തിലുള്ളത് യേശുക്രിസ്തുവിനു ശേഷം എഴുതപ്പെട്ടതുമാണ്. (iii)പഴയ നിയമം പ്രവചനവും, പുതിയ നിയമം യേശുക്രിസ്തുവിലും അവൻ മുഖാന്തരവും പഴയ നിയമം പൂർത്തിയായതിന്റെ പരിശുദ്ധാ ത്മനിവേശിതമായ വ്യാഖ്യാനവും വ്യാഖ്യാനങ്ങളുമാണ്.

*കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം* (CCC: Catechism of the Catholic Church) പഠിപ്പിക്കുന്നത്: പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധം: "വിശുദ്ധ ഗ്രന്ഥത്തിന്റെ അവിഭാജ്യ ഘടകമാണ് പഴയ നിയമം. അതിലെ പുസ്തകങ്ങൾ ദൈവനിവേശിതങ്ങളും; സനാതന മൂല്യമുള്ളവുമാണ്. കാരണം പഴയ ഉടമ്പടി ഒരിക്കലും റദ്ദാക്കപ്പെട്ടിട്ടില്ല"(CCC.No. 121)

CCC.No. 123: "ക്രിസത്യാനികൾ പഴയ നിയമത്തെ യഥാർഥ ദൈവവചനമായി ആദരിക്കുന്നു. പുതിയ നിയമം പഴയനിയമത്തെ റദ്ദാക്കിയെന്ന നാട്യത്തിൽ പഴയ നിയമത്തെ നിരാകരക്കുന്ന ചിന്താഗതിയെ (**മാർസിയനിസം**) സഭ എന്നും ശക്തമായി ചെറുത്തിട്ടുണ്ട്."

**1.4** പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ഐക്യം (unity between O.T & N.T.) (CCC.Nos 140 + 128)

**1.4.1** ഐക്യത്തിനു നിദാനം: CCC. **നമ്പർ 140:** "പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും ഐക്യത്തിനു നിദാനം, **ദൈവികപദ്ധതിയുടെയും ദൈവികവെളിപാടിന്റെയും ഐക്യമാണ്**. പഴയനിയമം പുതിയനിയമത്തിനു വഴിയൊരുക്കുന്നു; പുതിയനിയമമാകട്ടെ, പഴയനിയമത്തെ പൂർത്തീകരിക്കുന്നു; ഇവ രണ്ടും അന്യോന്യം പ്രകാശി പ്പിക്കുന്നു; രണ്ടും യഥാർഥ ദൈവവചനമാണ്." ( NB: **ദൈവികപദ്ധതിയുടെയും ദൈവികവെളിപാടിന്റെയും ഐക്യം**)

ഐക്യത്തിനു തെളിവ്: **പ്രതിരൂപവിചിന്തനം** (typology): മേല്പറഞ്ഞ ഐക്യമാണ് പഴയ നിയമത്തിലെ ചില സംഭവങ്ങളെ പുതിയ നിയമത്തിലെ ചിലതിന്റെ മുൻകുറിയായ ദർശിക്കാൻ പുതിയ നിയമ രചയിതാക്കന്മാ രെയും ആദികാല സഭാമല്പാന്മാരെയും പ്രചോദിപ്പിച്ചത്. ഉദാ: ലൂക്കാ 3,4-6: സ്നാപകയോഹന്നാൻ (എ.ഡി. +

28/29) = ഏശ 49,3-6. ഏശയ്യാ (ബി.സി 740 -700).

˘CCC **നമ്പർ 128**: "അപ്പോസ്തോലിക കാലത്തും അതിനുശേഷം പാരമ്പര്യത്തിലും# നിരന്തരമായി **പ്രതിരൂപവിചിന്തനംവഴി** (typology) ഇരുനിയമങ്ങളിലും അന്തർഭവിച്ചിട്ടുള്ള **ദൈവികപദ്ധതിയുടെ ഐക്യം** സഭ വ്യക്തമാക്കി യിട്ടുണ്ട്. മനുഷ്യനായി അവതരിച്ച തന്റെ പുത്രനിൽ ദൈവം കാലത്തിന്റെ തികവിൽ നിറവേറ്റിയ കാര്യങ്ങളുടെ പ്രിതിരൂപങ്ങൾ പഴയ ഉടമ്പടിയുടെ കാലത്ത് ദൈവം പ്രവർത്തിച്ച കാര്യങ്ങളിൽ സഭ കണ്ടെത്തുന്നു. ഒരു പുരാതന സൂക്തമനുസരിച്ച്, വിശുദ്ധ ആഗസ്തീനോസ് "പുതിയത് പഴയതിൽ ഒളിഞ്ഞിരിക്കുന്നു. പഴയതു പുതിയതിൽ വ്യക്തമാകുന്നു" ((St. Augustine). അതായത്, പുതിയ നിയമം പഴയ നിയമത്തിൽ മറഞ്ഞിരിക്കുന്നു; പഴയ നയിമം പുതിയ നിയമത്തിൽ തെളിഞ്ഞുവരുന്നു."

**പ്രതിരൂപവിചിന്തനത്തിന്** ഒരു ഉദാഹരണം: അബ്രാഹം ഇസഹാക്കിനെ ബലികഴിച്ചു (ഉത്പ 22,119). അതിനെ സഭ ക്രിസ്തുവിന്റെ ബലിയുമായി ബന്ധപ്പെടുത്തുന്നുണ്ട്. എങ്ങനെ? ക്രിസ്തുവിന്റെ ബലിയുടെ മുൻകുറിയായി / മുൻരൂപമായി (പ്രതി രൂപം / antetype) ആയി = ക്രിസ്തുവിന്റെ ബലിയെ (type) ഇസഹാക്കിന്റെ ബലി മുൻകൂട്ടി സൂചിപ്പിച്ചു ( antetype).

[ #**അപ്പസ്തോലിക പാരമ്പര്യം** (Apostolic Tradition) / വിശുദ്ധ പാരമ്പര്യം( Holy Tradition): പാരമ്പര്യം (*ത്രദീസിയൊ*: ലത്തീൻ, *പാരദോസിസ്:* ഗ്രീക്ക്; *ട്രഡീഷ്യൻ*: ഇംഗ്ലീഷ്). അപ്പോസ്തലന്മാരുടെ കാലത്താരംഭിച്ച ആരംഭസഭ മുതൽ തിരുസഭയിൽ തലമുറകളായി കൈമാറിപ്പോരുന്ന വിശ്വാസവും ആചാരങ്ങളും ആധ്യാത്മികതയും പുരാതനങ്ങളായ ആരാധനക്രമങ്ങളും ആദിസഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും ജീവിതശൈലിയും ഇവയോടു ബന്ധപ്പെട്ടവയുമാണ് വിശുദ്ധ പാരമ്പര്യം അഥവാ പൈതൃകംകൊണ്ട് ഉദ്ദേശിക്കുക. വിശുദ്ധ ലിഖിതംപോലെതന്നെ പാരമ്പര്യം പ്രാധാന്യമർഹിക്കുന്നു. ... (ബൈബിളിലും വിശുദ്ധ പാരമ്പര്യത്തിലും ദൈവവചനമുണ്ട്).

ഗ്രീക്കു പദം *പാരദോസിസ്*-ന്റെ സ്ഥാനത്ത് സുറിയാനി ബൈബിൾ പ്ശീത്താ കല്പന, നിയമം എന്നീയർ ഥങ്ങളുള്ള *പുഖ്ദോനൊ* എന്ന വാക്കാണ് സ്വീകരിച്ചിട്ടുള്ളത്. അത്രയ്ക്കു സ്ഥാനം അപ്പോസ്തോലിക പാരമ്പര്യ ത്തിനുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിൽ *ദെയി വെർബും* (= *ദൈവവചനം*) എന്ന ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ നമ്പർ 10-ൽ അനുശാസിക്കുന്നു: "വിശുദ്ധ ലിഖിതവും പാരമ്പര്യവും തമ്മിൽ സുദൃഢബന്ധവും വിനിമയവും ഉണ്ടെന്നു കാണാം. എന്തെന്നാൽ, അവ രണ്ടിന്റെയും ഉദ്ഭവം ഒരേ ആദരവോടെ നാം സ്വീകരിച്ചു വണങ്ങേണ്ടതാണ്."

അപ്പസ്തോലിക (വിശുദ്ധ) പാരമ്പര്യം കൂടാതെ സഭകളിലുണ്ടായ സഭാപാരമ്പര്യങ്ങളുമുണ്ട് (എക്ലേസിയാസ്റ്റി ക്കൽ - ecclesiastical - പാരമ്പര്യങ്ങൾ). അങ്ങനെ സഭയിൽ രണ്ടുതരം പാരമ്പര്യങ്ങളുണ്ട്.

**വിശുദ്ധ പാരമ്പര്യമാണ് സഭയുടെ വിശ്വാസത്തിന്റെ അടിത്തറ.** ഓരോരോ സഭകളിൽ വച്ചുപുലർത്തുന്ന ആചാരപരമായ പ്രത്യേക സഭാപാരമ്പര്യങ്ങൾക്ക് വിശുദ്ധ പാരമ്പര്യത്തിന്റെ സ്ഥാനമില്ല**]**.

## 1..5 ബൈബിൾ ഒരു ഗ്രന്ഥമാണ് (The Bible is One Book) - ക്രിസ്തുവെന്ന ഏകഗ്രന്ഥം

˘CCC **നമ്പർ 128**: വിശുദ്ധ ലിഖിതങ്ങളെല്ലാം (all the sacred scriptures) വാസ്തവത്തിൽ ഏകഗ്രന്ഥമാണ്. ക്രിസ്തുവാണ് ആ ഏകഗ്രന്ഥം. കാരണം, വിശുദ്ധ ഗ്രന്ഥങ്ങളെല്ലാം ക്രിസ്തുവിനെപ്പറ്റി പ്രതിപാദിക്കുന്നു; എല്ലാ വിശുദ്ധ ലിഖിതങ്ങളും ക്രിസ്തുവിലാണ് പരിപൂർത്തിയിലെത്തുന്നത്. (ഗാനത്തിൽ: "വേദസാരം ക്രിസ്തു")

## 1..6 ബൈബിൾ ക്രൈസ്തവരുടെ ആധ്യാത്മിക / വിശുദ്ധ ഗ്രന്ഥം (The Bible is the Spiritual / Sacred / holy book especially of Christians)

ബൈബിൾ ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥമാണ്. എന്നാൽ, അവർ മാത്രമല്ല അത് വായിക്കുന്നതും അതിൽ നിന്ന് പ്രചോദനം നേടുന്നതും. ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന ആധ്യാത്മിക ഗ്രന്ഥമാണത്. ലോകത്തെ പ്രചോദിപ്പിക്കുന്നതിലും പരിവർത്തിപ്പിക്കുന്നതിലും പുരോഗമിപ്പിക്കുന്നതിനും ഏറ്റവുമധികം സ്വാധീച്ചിട്ടുള്ള മതഗ്രന്ഥവുമാണ് ബൈബിൾ. എല്ലാറ്റിലുമുപരി, മാനസ്സികവും ആത്മീയവുമായ ശാന്തി പ്രാപിക്കാൻ ഏറ്റവുമധികം ആളുകൾ പ്രയോജനപ്പെടുത്തുന്ന ഗ്രന്ഥവുമാണ് ബൈബിൾ.

CCC **നമ്പർ 141**: "കർത്താവിന്റെ ശരീരത്തെയെന്നപോലെ, സഭ വിശുദ്ധ ലിഖിതങ്ങളെ എന്നു സമാദരിക്കുന്നു (വത്തിക്കാൻ രണ്ടാം കൗൺസിൽ, *ദെയി വെർബും* (= *ദൈവവചനം*) നമ്പർ 21). ഇവ രണ്ടും ക്രൈസ്തവജീവിതം മുഴുവനെയും പോഷിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. നിന്റെ വചനം എന്റെ പാദങ്ങൾക്കു വിളക്കും എന്റെ വഴിയിൽ പ്രകാശവുമാകുന്നു സങ്കീ 119,105; ഏശ 50,4)."

CCC **നമ്പർ 135**: "വിശുദ്ധ ലിഖിതങ്ങൾ ദൈവവചനം ഉൾക്കൊള്ളുന്നു. അവ ദൈവനിവേശിതങ്ങളാകയാൽ യഥാർഥത്തിൽ ദെവവചനമാണ്."

**#vi point: ബൈബിൾ രക്ഷാചരിത്രവും രക്ഷാകര ചരിത്രവും**: ക്രിസ്ത്യാനികൾ ബൈബിളിനെ രക്ഷാചരിത്രവും രക്ഷാകര ചരിത്രവുമായാണ് വിലമതിക്കു ന്നത്. മനുഷ്യകുലത്തെ അതിന്റെ പാപത്തിൽനിന്ന് യേശുക്രിസ്തു മുഖാന്തരം രക്ഷിച്ച ചരിത്രമാണ് ബൈബിൾ വിവരിക്കുന്നത്. ആ ചരിത്രത്തിൽ മനുഷ്യകുലത്തിന്റെ പാപത്തിലേക്കുള്ള സ്വാഭാവികമായ ചായ്‌വും (ബലഹീ നതയും) സാധ്യതയും ഉണ്ട്. സകല വിധ പാപങ്ങളുടെയും തിന്മകളുടെ മൂലകാരണവും ഉദാഹരണസംഭവങ്ങളും മോചനമാർഗങ്ങളും (മാർഗവും) ബൈബിളിലുണ്ട്:

മോചനമാർഗം അനുതാപമാണ് = ദൈവത്തിലേക്കു തിരിയുക.. ക്രൈസ്തവ ഭാഷയിൽ, ദൈവം തന്റെ സ്നേഹാതിരേകത്താൽ ദൈവംതന്നായ തന്റെ ഏകജാതനെ - യേശുക്രിസ്തുവിനെ - രക്ഷയും രക്ഷകനുമായി നല്കി പ്രപഞ്ചത്തെ വീണ്ടെടുത്തു.

ബൈബിൾ വിവരിക്കുന്ന ചരിത്രം രക്ഷാകരവുമാണ്. ഭൂതകാല കഥകൾ പറയാൻവേണ്ടി മാത്രമല്ല രക്ഷാചരിത്രം ബൈബിൾ വിവരിക്കുന്നത്. ഈ വിശുദ്ധ ഗ്രന്ഥത്തിന്റെ സന്ദേശം (വിശുദ്ധ ഗ്രന്ഥത്തിലൂടെ ദൈവം നല്കുന്ന രക്ഷാകര സന്ദേശം) സ്വീകരിച്ച് രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിനെ പൂർണഹൃദയത്തോടെ സ്വീകരിച്ചുകൊണ്ട് ദൈവത്തിലേക്കു തിരിയുക. യേശുക്രിസ്തുവിൽ വിശ്വസിക്കുക: അവനെ ഹൃദയത്തിൽ സ്വീകരിക്കുക. വിശ്വസിക്കുക: = ഹൃദയബന്ധം സ്ഥാപിക്കുക. വിശ്വാസം ബന്ധമാണ് - അനന്യമായൊരു ബന്ധം. പരിപൂർണ വിശ്വസ്തരായ ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഒരു സവിശേഷ വിശ്വാസമില്ലേ? ഒരു പ്രലോഭനത്തിലനും പ്രയാസങ്ങൾക്കും പ്രതിസന്ധികൾക്കും തെല്ലും ക്ഷീണിപ്പിക്കാനും വ്യതിചലിപ്പിക്കാനും സംശയിക്കാൻപോലും വശംവദമാകാത്ത വിശ്വാസം: ആത്മീയ / മാനസിക/ബന്ധം. ബൈബിൾപഠനം നമ്മെ ക്രസ്തുവിനോടും അവൻവഴി ത്രിത്വൈക ദൈവത്തോടും സഭയോടും സമൂഹത്തോടും സമ്പൂർണവും വിശ്വസ്തവുമായ സമർപ്പണത്തിനു പ്രചോദിപ്പിക്കണം.

## അധ്യായം രണ്ട്: ദൈവവചനം

## ദൈവവചനം?: ദൈവത്തിന്റെ സംസാരം = ദൈവിക വെളിപാട് (Revelation)

### 2.1 ദൈവവചനരൂപങ്ങൾ: സ്വാഭാവിക വെളിപാട് :പ്രപഞ്ചവും പ്രകൃതിയും. സഭാപാരമ്പര്യം, ലിഖിതവചനം

### 2.1.1. സ്വാഭാവിക വെളിപാട്: പ്രപഞ്ചത്തിനും അതിന്റെ സമ്പന്നതയ്ക്കും മൂലകാരണമായ സചേതനവും അന്തര്യാമിയും സർവാതീതവുമായ ഒരു ശക്തിയുണ്ട്.- a prime mover

'ദൈവ'ബോധം: പ്രപഞ്ചത്തിൽ സംഭവിച്ചിട്ടുള്ളതും സംഭവിക്കുന്നതുമൊന്നും ആകസ്മികമല്ല. പരിണാമത്തിനുപോലും നിയമവും ചിട്ടയുമുണ്ട്. പരിണാമസിദ്ധാന്തത്തിന്റെ പ്രണേതാവ് ഐൻസ്റ്റൈൻ ബുദ്ധിരാക്ഷസനായിരുന്നു. അമ്പത്തേഴു വയസ്സുള്ള മുപ്പത്തഞ്ചു പേരുടെ ബുദ്ധി ഒന്നിച്ചുകൂട്ടിയാലുള്ളത്രബുദ്ധിമാൻ. അദ്ദേഹത്തിന്റെ ഈ വാക്കുകൾ ശ്രദ്ധിക്കുക: "ദൈവം വരച്ചിട്ട വരകൾ പകർത്തിയെടുക്കാൻ ശ്രമിക്കുകയാണ് ഞങ്ങൾ ഭൗതികശാസ്ത്രജ്ഞന്മാർ..." "ദൈവം ഈ പ്രപഞ്ചത്തെ രൂപ്പെടുത്തിയതെങ്ങനെയെന്ന് അന്വേഷിക്കുകയാണ് നാം." ഈയടുത്ത സമയത്ത് നിര്യാതനായ, ഭൗതിശാസ്ത്രജ്ഞരിൽ അഗ്രഗണ്യനായിരുന്ന, സ്റ്റീഫൻ ഹോക്കിംഗിന്റെ വാക്കുകളും (*A Brief History of Time*, 128-129) ശ്രദ്ധിക്കാം: "നമുക്കു ഗ്രഹിക്കാവുന്ന തരത്തിലുള്ള നിയമങ്ങൾകൊണ്ട് പരിണമിക്കാൻ പ്രപഞ്ചത്തെ ദൈവം അനുവദിച്ചതെന്തുകൊണ്ട്? ശാസ്ത്രത്തിന്റെ ചരിത്രഗതി മുഴുവൻ വെളിപ്പെടുത്തുന്ന സത്യമിതാണ്; ഒന്നും ആകസ്മികമായി സംഭവിക്കുന്നതല്ല. എല്ലാം ഒരു ക്രമത്തിന്റെ ഭാഗമാണ്. ആ ക്രമത്തെ ദൈവികക്രമമായോ അല്ലാതെയോ കാണുന്നവരുണ്ട്" (ജോസ് മാണിപ്പറമ്പിൽ, *കത്തോലിക്കാസഭയുടെ മതബോധനം വർണങ്ങളും വർണ്ണനകളും*, ആളൂർ, 20008, പേജ് 10-11).

ഇപ്പറഞ്ഞ ഗ്രന്ഥത്തിൽത്തന്നെ പേജ് 6-ൽ ഗ്രന്ഥകർത്താവ് സവിശേഷം ശ്രദ്ധാർഹമായ ഒരു സംഭവവും ചേർത്തിട്ടുണ്ട്. കാലിഫോർണിയായിലെ ഏതാനും ശാസ്ത്രജ്ഞർ മനുഷ്യന്റെ തലച്ചോറ് (*ബ്രെയിൻ*) പഠനവിധേയമാക്കി. പഠനത്തിന്റെ വെളിച്ചത്തിൽ അവരെത്തിയ നിഗമനമിതാണ്: "മനുഷ്യന്റെ മസ്തിഷ്ക ത്തിൽത്തന്നെ ദൈവാനുഭവത്തിനുള്ള ദാഹം ആലേഖനം ചെയ്തിട്ടുണ്ട്. ആ മസ്തിഷ്കഭാഗത്തിന് 'ദൈവധ്രുവം' (God's Pole)" എന്നു പേരിട്ടു.

മനുഷ്യനു ദൈവത്തെ പ്രാപിക്കാൻ ദാഹവും കഴിവുമുണ്ട്: ദൈവത്തിനുവേണ്ടിയുള്ള ദാഹം മനുഷ്യഹൃദയത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. കാരണം, മനുഷ്യൻ ദൈവത്താലും ദൈവത്തിനുവേണ്ടിയും സൃഷ്ടിക്കപ്പെട്ടവനാണ്. തന്നിലേക്കു മനുഷ്യനെ ആകർഷിക്കുന്നതിൽനിന്ന് ദൈവം ഒരിക്കലും വിരമിക്കുന്നില്ല; മനുഷ്യൻ നിരന്തരം അന്വേഷിക്കുന്ന സത്യവും സൗഭാഗ്യവും ദൈവത്തിൽ മാത്രമേ അവൻ കണ്ടെത്തുകയുള്ളു. (*ക. സ. മ. ഗ്ര. - CCC* - നമ്പർ 27).

2018 ജനുവരി 15 തിങ്കളാഴ്ച ഐ.എസ്.ആർ.ഒ.യുടെ ചെയർമാനായി ചുമതലയേറ്റ ആദരണീയനായ ഡോ. കെ. ശിവൻ അവർകളുമായി അതിനു മുമ്പു നടത്തിയ 'മുഖദാവിൽ' അന്നത്തെ *മലയാള മനോരമ ദിനപ്പത്രം* പേജ് 6-ൽ നല്കിയിരുന്നു. അവസാനത്തെ ചോദ്യോത്തരങ്ങൾ ഇങ്ങനെ:

? ഈശ്വരവിശ്വാസിയാണോ?

തീർച്ചയായും അതേ. ശാസ്ത്രം പഠിച്ചു എന്നതുകൊണ്ട് എല്ലാ കാര്യങ്ങളും അറിയുന്നവൻ എന്നർഥമില്ല. ശാസ്ത്രം ഇത്ര വികസിച്ചിട്ടും നമുക്ക് ഇനിയും അറിയാത്ത എത്രയോ കാര്യങ്ങൾ പ്രപഞ്ചത്തിൽ നടക്കുന്നില്ലേ? അതു നടത്തുന്ന ശക്തിയിൽ ഞാൻ വിശ്വസിക്കുന്നു, ആ ശക്തിയെ ബഹുമാനിക്കുന്നു.

കേരളാ കരിക്കുലം വിദ്യാഭ്യാസത്തിലെ അശാസ്ത്രീയതയും യുക്തിരാഹിത്യവും: സംഗതികളും സത്യാവസ്ഥയും മുകളിൽ പറഞ്ഞതുപോലെയാണെങ്കിലും, ആധുനിക മനുഷ്യന്റെ പരിണാമ ചരിത്രപാത പഠിപ്പിക്കുമ്പോൾ കേരളാ കരിക്കുലം വിദ്യാഭ്യാസത്തിൽ പത്താം തരം ജീവശാസ്ത്രം കുട്ടികളെ പഠിപ്പിക്കുന്നത് *ഹോമൊ ഇറക്തുസി*ൽനിന്ന് (നട്ടെല്ലും തലയും നിവർ ന്നുനില്ക്കുന്ന മനുഷ്യനിൽനിന്ന്) *ഹോമൊ സാപിയെൻസ്* (ബുദ്ധിയുള്ള മനുഷ്യൻ) പരിണമിച്ചത് "ജീനുകൾക്കു സംഭവിക്കുന്ന ആകസ്മിക മാറ്റങ്ങളാൽ (ഉത്പരിവർത്തനങ്ങളാൽ)" ആണെന്നത്രേ. ഈ വിശദീകരണം യുക്തിസഹമല്ലെന്ന് ദൈവം വരച്ചിട്ട വരകൾ എന്ന് ഐൻസ്റ്റൈനും ബുദ്ധി

യും യുക്തിയുമുള്ളവർക്കു മനസ്സിലാക്കാം. അനുക്രമമായി നടക്കുന്ന പരിണാമപ്രക്രിയയിൽ 'ആകസ്മികത' എന്നത് യുക്തിരഹിതമായ ഒരു പിടിവള്ളി മാത്രമല്ലേ? അനുക്രമത്തിൽ എവിടെയാണ് ആകസ്മികതയ്ക്കു സ്ഥാനം? പരിണാമപ്രക്രിയയെ നടത്തിപ്പിക്കുന്ന അദൃശ്യശക്തിയുടെ ഇടപെടലാണെന്നതല്ലേ കൂടുതൽ യുക്തിസഹം. "നിയമങ്ങൾകൊണ്ട് പരിണമിക്കാൻ പ്രപഞ്ചത്തെ ദൈവം അനുവദിച്ചതെന്തുകൊണ്ട്?" എന്ന് ഐൻസ്റ്റൈൻ ചോദിക്കുന്നതും, "ചരിത്രഗതി മുഴുവൻ വെളിപ്പെടുത്തുന്ന സത്യമിതാണ്; ഒന്നും ആകസ്മികമായി സംഭവിക്കുന്നതല്ല. എല്ലാം ഒരു ക്രമത്തിന്റെ ഭാഗമാണ്" എന്നു പ്രസ്താവിച്ച സ്റ്റീഫൻ ഹോക്കിംഗിനെയും കേരളാ കരിക്കുലംകാർക്ക് അറിയില്ലായിരിക്കും.

സണ്ടേശാലോം 2012 ജൂലൈ 15 ഞായർ പേജ് 3:

ഊർജത്തിൽനിന്ന് ആദ്യത്തെ തന്മാത്ര എങ്ങനെ ഉത്ഭവിച്ചു എന്നത് ഇനിയും ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുമ്പോൾ ബൈബിളിലെ ആദിയിൽ വചനമുണ്ടായി; വചനം മാംസമായി എന്ന ക്രൈസ്തവ ദർശനവും ഹൈന്ദവദർശനത്തിലെ ആദ്യശബ്ദമായ ഓംകാരവും നിഷേധിക്കാനാവാത്ത ദൈവസങ്കല്പത്തിലേക്കു വെളിച്ചം വീശുന്ന സാക്ഷ്യമായി മാറുന്നു (പ്രൊഫ. ഡോ. സി.ഈനാശു - ഫിസിക്സ് പ്രൊഫസർ, തൃശൂർ സെന്റ് തോമസ് കോളേജ്). പദാർഥത്തിനു ഭാരമില്ലാതിരുന്ന അവസ്ഥയിൽ ഊർജത്തെ ഭാരമാക്കി മാറ്റിയത് ഹിഗ്സ് ബോസോൺ ആണെന്ന ശാസ്ത്ര അറിവ് ശരിവയ്ക്കുമ്പോൾ പദാർഥങ്ങൾ ഇല്ലാതിരുന്ന കാലഘട്ടത്തിൽ (നോൺ എക്സിസ്റ്റൻസ്) ഊർജത്തിൽനിന്ന് പദാർഥത്തെ സൃഷ്ടിച്ച ഒരാൾ ഉണ്ടായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

"എല്ലാറ്റിലും എല്ലാമായ അസ്തിത്വമായി ദൈവത്തെ ക്രിസ്ത്യാനികൾ മനസിലാക്കുന്നു. എന്നാൽ, എല്ലാം സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. സൃഷ്ടവസ്തുവിന് അതിന്റെ സൃഷ്ടിയിലെ നിയതമായ പുറപ്പാടിനെ തകിടം മറിക്കാനുംള്ള സ്വാതന്ത്ര്യമുണ്ട്. ആശ്രയത്തിലായിരിക്കുന്നതിന്റെ നിഷേധമാണിത്. പ്രത്യാഗമനത്തിനു മനസ്സില്ല എന്നു പറയുന്നതാണിത്. സ്നേഹത്തെ ആശ്രയിക്കലായിക്കണ്ട് അതിനെ നിരാകരിക്കുന്നു. പ്രത്യാഗമനത്തിനു മനസ്സില്ല എന്നു പറയുന്നതാണിത്..." (ബനഡിക്ട് പതിനാറാമൻ പാപ്പാ, *ആരാധനക്രമത്തിന്റെ ചൈതന്യം*, പേജ് 24).

## #വെളിപാട് : സാമാന്യാർഥം

ദൈവം വാക്കുകളും പ്രവൃത്തികളുംവഴി ചരിത്രത്തിലൂടെ തന്നത്തന്നെയും മനുഷ്യരക്ഷാപദ്ധതിയും വെളിപ്പെടുത്തുന്നു. വെളിപാട് എന്നു പറയുമ്പോൾ ആകാശത്തുനിന്നുള്ള മുഴക്കങ്ങളോ മന്ത്രണങ്ങളോ എന്ന് തെറ്റിധരിക്കരുത്. പ്രപഞ്ചവിസ്മയങ്ങൾ, മനുഷ്യാവസ്ഥകൾ, മനുഷ്യനോടും പ്രപഞ്ചത്തോടും ബന്ധപ്പെട്ട സംഭവങ്ങളും അനുഭവങ്ങളും എന്നിവയിൽനിന്നു ജ്ഞാനോദയം ലഭിച്ച മനുഷ്യവ്യക്തികൾ. അവർ **പ്രപഞ്ചത്തിന്റെ നിമിത്തവും ആദിമൂലവും** പ്രപഞ്ചയാഥാർഥ്യങ്ങളുടെ പൊരുത്തവും പൊരുളും, പ്രപഞ്ചവും മനുഷ്യനും തമ്മിലും, മനുഷ്യർ തമ്മിലു മുള്ള ബന്ധങ്ങളുടെ നിർണായകസ്ഥാനവും വൈവിധ്യവും ലക്ഷ്യവും, മനുഷ്യജീവിതത്തിന്റെതന്നെ അവസ്ഥയും ലക്ഷ്യവുമൊക്കെ വിചിന്തനം ചെയ്തു (അന്വേഷിച്ചു). തങ്ങൾക്കു ലഭിച്ച ജ്ഞാനം (അറിവ്) അവതരിപ്പിച്ചു. ഈ അവതരണങ്ങളെ സാമാന്യയർഥത്തിൽ 'വെളിപാട്' എന്ന് വിശേഷിപ്പിക്കുന്നു അവതരണം അക്ഷരരൂപത്തിൽ മാത്രമല്ല എന്നും ഓർത്തിരിക്കാം.

പ്രപഞ്ചവും പ്രകൃതിയും : ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വം പ്രഘോഷിക്കുന്നു,
വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു.
പകൽ പകലിലിനോട് അവിരാമം സംസാരിക്കുന്നു;
രാത്രി രാത്രിക്ക് വിജ്ഞാനം പകരുന്നു.
ഭാഷണമില്ല, വാക്കുകളില്ല, ശബ്ദംപോലും കേൾക്കാനില്ല.
എന്നിട്ടും അവയുടെ സ്വരം ഭൂമിയിലെങ്ങും വ്യാപിക്കുന്നു;
അവയുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തികളോളം എത്തുന്നു
... (സങ്കീ 19,1-4 പി.ഒ.സി.).

2.1.2 മതപാരമ്പര്യങ്ങൾ

2.1.3 ക്രൈസ്തവ വെളിപാട്: പരിശുദ്ധ ത്രിത്വൈക ദൈവം : ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്. പുത്രൻ വചനമായി പിതാവിനോടുകൂടെ. കാലത്തികവിൽ "വചനം മാംസമായി (= മനുഷ്യനായ) നമ്മോടുകൂടെ വസിച്ചു ..." (യോഹ 1,14): ഈ വെളിപാടിൽ കാലക്രമമനുസരിച്ച് മൂന്നു വെളിപാടുകൾ അടങ്ങിയിട്ടുണ്ട്.

(i) മനുഷ്യവർഗത്തിന്റെ ആദ്യതലമുറക്കാരായ വ്യക്തികളിൽ(ii) (iii)

2.1.3.1 വിശുദ്ധ പാരമ്പര്യം/ അപ്പോസ്തോലിക പാരമ്പര്യം (അധ്യായം ഒന്ന് 1.4.1 കാണുക)

### 2.1.3.2 ബൈബിൾ - ദൈവവചനം ലിഖിതരൂപത്തിൽ

ബൈബിൾ - ദൈവവചനം അക്ഷരങ്ങളിൽ = ഗ്രന്ഥരൂപത്തിൽ; 73 പുസ്തകങ്ങളുടെ ഒരു സമാഹൃതഗ്രന്ഥം

2.1:3.2.1 ദൈവവചനം? **ഉ: ദൈവത്തിന്റെ സംസാരം = ദൈവിക വെളിപാട്** (ദൈവാവിഷ്കരണം): ഹീബ്രു പദം: *ദവ്വാർ*.(വാക് = വാക്കും പ്രവൃത്തിയും) - വചനത്തിലൂടെയാണ് ദൈവം സ്വയം (തന്നത്തനെ) വെളിപ്പെടുത്തുന്നത്.

- **ദൈവവെളിപാട്** (ദൈവാവിഷ്കരണം: revelatioon) **തന്നാണ് ദൈവവചനം**
- ദൈവത്തിന്റെ വചനം വാക്കുകളിൽ / അക്ഷരരൂപത്തിൽ മാത്രമല്ല നല്കപ്പെട്ടത്
- **വാക്കിലും + പ്രവൃത്തിയിലുമാണ്** ദൈവം സംസാരിക്കുന്നത്. വാക്കും പ്രവൃത്തിയും *ദവ്വാർ /* ദൈവവചനമാണ്. **വചനം = വാക്കും പ്രവൃത്തിയും; വചനം ഒരു സംഭവമാണ്.**

- **ദൈവികവെളിപാടിന്റെ ഉള്ളടക്കം** (content) **ദൈവംതന്നാണ്** (കുറെയേറെ സത്യങ്ങളല്ല; **സത്യം** തന്നാണ്), ദൈവം തന്നത്തന്നെയും മനുഷ്യരക്ഷയെ സംബന്ധിച്ച തന്റെ പദ്ധതിയും വെളിപ്പെടുത്തുന്നു: (എന്താണ് ദൈവം വെളിപ്പെടുത്തുന്നത് എന്ന ചോദ്യത്തിനുത്തരം).
- വിശുദ്ധ ലിഖിതങ്ങൾ

2.2 ദൈവിക വെളിപ്പെടുത്തലിന്റെ ക്രൈസ്തവചരിത്രസംഗ്രഹം

- ദൈവം യേശുക്രിസ്തുവിന്റെ ഈലോകവാസാരംഭത്തിനുമുമ്പ് തന്നത്തന്നെയും തന്റെ രക്ഷാകര പദ്ധതിയും പല കാലങ്ങളിൽ പലരിലൂടെ വെളിപ്പെടുത്തിപ്പോന്നു; പൂർത്തീകരണവും പൂർണതയും യേശുക്രിസ്തുവിൽ: - *പൂർകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധഘട്ടങ്ങളിലും വിവിധരീതികളിലും ദൈവം പിതാക്ക ന്മാരോടു സംസാരിച്ചു. ഈ അവസാനനാളുകളിൽ പുത്രൻവഴി നമ്മോടു സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്ന് സകലത്തിന്റെയും അവകാശിയായി അവരോധിക്കുകയും അവൻമുഖേന പ്രപഞ്ചം സൃഷ്ടിക്കുകയും ചെയ്തു* (ഹെബ്രാ 1,1-2). = പൂർവകാലങ്ങളിലും *വിവിധഘട്ടങ്ങളിലും വിവിധരീതികളിലും ദൈവം പിതാക്കന്മാരോടു സംസാരിച്ചു.*

- ഇന്ത്യയിലെ മാമുനിമാരിലൂടെയും മറ്റു മതങ്ങളിലൂടെയും ദൈവം സംസാരിച്ചു. അതുപോലെതന്നെ മറ്റനേകം പേരിലൂടെയും. എങ്കിൽത്തന്നെയും, ക്രൈസ്തവദർശനത്തിൽ വെളിപാടുപൂർണത യേശുക്രിസ്തുവിൽ സംഭവിച്ചു: *വചനം ശരീരിയായി, നമ്മുടെയിടയിൽ കൂടാരമടിച്ചു; അവന്റെ മഹത്ത്വം ഞങ്ങൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിൽനിന്നുള്ള ഏകജാതന്റേതുമായ മഹത്ത്വം* (യോഹ 1,14).

ഇനി ദൈവത്തിന്റെ മറ്റൊരു പരസ്യവെളിപാട് പ്രതീക്ഷിക്കേണ്ടതില്ല. അതേസമയം, വ്യക്തിഗതമായ രഹസ്യവെളിപാടുകൾ സാധ്യമല്ലെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ *ദെയി വെർബും* എന്ന രേഖ പറയുന്നില്ല

ക്രൈസ്തവവിശ്വാസപ്രകാരം പറഞ്ഞാൽ, മറ്റു മതങ്ങളിലൂടെയും ദാർശിനകന്മാരിലൂടെയുമുള്ള വെളിപാടുകൾ നസറായനായ യേശുക്രിസ്തുവഴിയുള്ള വെളിപാടിൽ പൂർത്തീകരിക്കപ്പെടുകയും പൂർണതയിലെത്തുകയും ചെയ്തു. നസറായനായ യേശുക്രിസ്തുവഴിയുള്ള വെളിപാടിന് (ക്രിസ്തുവിനും മുമ്പും പിമ്പും) വഴിയൊരുക്കുന്നവയെന്ന സ്ഥാനം ക്രിസ്തീയപൂർവ/ക്രിസ്തീയേതര മതങ്ങൾക്കുണ്ട് (ഹെബ്രാ 1,1).

- കിസ്തുവിനും മുമ്പും പിമ്പും വഴിയൊരുക്കുന്നവയെന്നു പറഞ്ഞാൽ? (1) ക്രിസ്തു ജനിക്കുന്നതിനു മുമ്പ് അവ അവനു വഴിയൊരുക്കി. (2) ക്രിസ്തുവിനു ശേഷം - അവിടുത്തെ വിശ്വാസത്തിൽ സ്വീകരിക്കാൻ ക്രിസ്ത്യാനികളല്ലാത്തവരുടെ അന്തരാത്മാവിൽ വഴിയൊരുക്കുന്നു. (ഈ നിലപാട് ക്രൈസ്തവരല്ലാത്തവർ ചോദ്യം ചെയ്യാം. നാം ആരെയും നിർബന്ധിക്കുന്നില്ല; ക്രീസ്തീയ മതത്തിൽ ഔദ്യോഗിക അംഗമാകാതെയും (മാമോദീസാ സ്വീകരിക്കാതെയും = ക്രിസ്ത്യാനികളാകാതെ) ആന്തരികമായി ക്രിസ്തുവിൽ വിശ്വസിക്കാനാവും എന്ന് നമ്മുടെ മറുപടി).

2.3 ദൈവിക വെളിപാടിനു ഹേതുവും ഉദ്ദേശ്യവും (ക്രൈസ്തവദർശനത്തിൽ)

- ദൈവം വെളിപ്പെടുത്തിയത് എന്തുകൊണ്ട്? - തന്റെ സ്വതന്ത്രമായ തീരുമാനത്താൽ (രണ്ടാം വത്തിക്കാൻ കൗൺസിൽ, ദെയി വെർബും).

- *ദൈവം സ്നേഹമായതുകൊണ്ടും* (1 യോഹ 4,16), പാപികളായ മനുഷ്യർക്കും അവർ പങ്കിലമാക്കിയ പ്രപഞ്ചത്തിനുംവേണ്ടി *തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ* (മനുഷ്യവംശത്തെ) *അത്രമാത്രം സ്നേഹിച്ചതുകൊണ്ടും* (യോഹ 3,16).

**- വെളിപാടിന്റെ ഉദ്ദേശ്യം?** മനുഷ്യരക്ഷ (പ്രപഞ്ചം മുഴുവന്റെയും): സകല മനുഷ്യരും യേശുക്രിസ്തുവഴി പരിശുദ്ധാത്മാവിൽ ദൈവികസാന്നിധ്യത്തിലേക്കു വരാനും ദൈവികജീവനിൽ പങ്കുചേരാനും (രണ്ടാം വത്തിക്കാൻ കൗൺസിൽ, *ദൈവാവിഷ്കരണം - ദെയി വെർബും*, അധ്യായം 1). = ദൈവവുമായുള്ള വ്യക്തിബന്ധത്തിനും വ്യക്തിപരമായ ഐക്യത്തിനും പ്രാധാന്യം.

## 2.2 സ്വർഗത്തിൽനിന്നുള്ള മൂന്നു വെളിപാടുകൾ

ബൈബിൾ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ(CCC)

വകുപ്പ് 3 വിശുദ്ധ ഗ്രന്ഥം (മലയാളം പേജ് 32 - 39)

സംഗ്രഹം

വ്യത്യസ്തമെങ്കിലും അന്യോന്യം ബന്ധപ്പെട്ട മൂന്നു വെളിപാടുകൾ (വെളിപാടിന്റെ മൂന്നു തലങ്ങൾ):

a) ആദ്യമനുഷ്യനായ ആദാം (= മനുഷ്യവർഗത്തിന്റെ ആദ്യതലമുറയിലെ വ്യക്തികൾ) മുതൽ പഴയ നിയമത്തിലെ പിതാക്കന്മാരിലൂടെ ലഭിച്ച വെളിപാടിന്റെ തിരികൾ

b) മോശ, പ്രവാചകന്മാർ എന്നിവർ വഴി ലഭിച്ച കൂടുതൽ മികച്ച (തെളിഞ്ഞ) വെളിപാടുകൾ

c) ആയേശുക്രിസ്തുവിലൂടെയും അപ്പോസ്തലന്മാരിലൂടെയും ലഭിച്ച നിസ്തുലമായ വെളിപാട് (CCC No. 33)

# Introduction to the Bible

2018-19

(Fr.Kurian Valuparampil)

# Chapter I

The Bible is improtant because it contains word of God.

I.1 Titles of the Books of the Bible
I.2 Two Main Divisions (Parts) of the BIble
I.3 Relation between the Old Testament and the New Testament
I.4 Unity between the Old Testament and the New Testament
I.4.1 Basis of the Unity: Unity of the Divine Plan and Divine Revelation
1.4.2 Proof of the Unity: Typology
I.4.3 Sacred Scripture and Apostolic (Holy) Tradition
1.4.5 The Bible is **One** Book (not a book)
I.4.6 The Bible the Sacred Scripture of Christianity: Spiritual Book

## Chapter One: Books of the Bible and Bible the Book

I.1 The Titles of the Books of the Bible ( learn by heart using the Bible)

**I.2 Two Main Divisions (Parts) of the BIble:** the Old Testament and the New Testament: 46 books in the O.T, and 27 in the N.T. Conventionally we say, 46 books in the O.T. However, taken Jeremiah and Lamentations jointly as one book, OT consisits of 45 books. The books of the O.T were written before Jesus Christ, and those of the New Testament, after Jesus Christ.

**I.3 Relation (bond) between the Old Testament and the New Testament**

**(i)** All the 73 books are written under equal inspiration of the Holy Spirit (we canot say any of the 73/72 boks is more inspired than any of the other books). **(ii)** The Bible narrates the same salavation history. The O.T. contains the first portion of that history, namely of the period before Jesus Christ. The N.T. contains the second portion of that history, namely of the period that begins with and after Jesus Christ. **(iii)** The O.T is prophecy, and N.T. is the Spirit-inspired interpretation / interpretations of the fulfillment of the O.T.in and on account of Jesus Christ.

*CCC* Nos. 121 & 123: *CCC* (*Catechism of the Catholic Church*) No. 121: "The Old Testament is an indispensable part of the Sacred Scripture. Its books are divinely inspired, and retain a permanenet value, for the Old covenant has never been revoked."

*CCC* No. 123: "Christians venerate the Old Testament as true Word of God. The Church has always vigorously opposed the idea of rejecting the Old Testaent under the pretext that the New has rendered it void" (Marcionism).

**1.4 Unity between the Old Testament and the New Testament** - *CCC*. Nos. 140 + 128.

**Basis of the Unity:** *CCC* No. 140: "The unity of the two testaments proceeds from the unity of God's plan and his Revelation. The Old Testament prepares for the New and the New Testament fulfills the Old: the two shed light on each other, both are true word of God." - **N.B**: basis of the unity of the O.T. and N.T. is the unity of the divine plan and divine revelation.

*CCC*. No. 128: The unity of the divine plan in the two testaments is illuminated through typology. e.g., (i) Is. 49,3-6 (740-700 B.C) - Lk 3,4-6: John the Baptist (A.D.28/29); (ii) sacrifice of Isaac as the type of Jesus' sacrifice; manna (of the O.T) as the type of Jesus & Eucharist, the holy bread (Jesus is the antitype).

-- Typology discerns in God's works of the Old covenant prefigurations of what he accomplished in the fullness of time in the person of his incarnate Son. All scriptures are fulfilled in the person of Jesus Christ. "Ignorance of the Scriptures is ignorance of Christ" (St.Jerome).

-- *CCC*. No. 129: "The New Testamet lies hidden in the Old and the Old Testament is unveiled in the New" (St.Augustine).

NB: *DV* = *Dei Verbum* (dogmatic constitution of Vatican II on divine revelation (ദൈവിക വെളിപാട്).

-- Typology indicates the dynamic movement toward the fulfillment of the divine plan (CCC No.130).

## Sacred Scripture and Apostolic Tradition

1.4.3 Apostolic Tradition (Holy Tradition: Traditio (Latin), *paradosis* (Greek), *pukdono*' (Syriac) = order, rule, law.

Apostolic Tradition refers to "the teachings of the apostles, in the common life, in the breaking of the bread, and in the prayers = the heritage of faith" (Vatican II, *Dei Vebum* (*Revelation*), No. 10). Apostolic Tradition / patrimony is that which comes from the apostles and what they have received from Jesus' teaching and examples and learned from the Holy Spirit and have handed to the Church (pp God).

**Equal Veneration andValue:**

- The Church holds Apostolic tradition and the Sacred Scripture with equal veneration and value. "... It is not from sacred Scripture alone that the Church draws her certainty about everything which has been revealed. Therefore both the sacred tradition and sacred scripture are to be accepted and venerated with the same sense of devotion and reverence" (*DV*, No. 9). "Sacred tradition and sacred Scriptures form one sacred deposit of the word of God, which is committed to the Church" (*DV* No.10).

There are also ecclesiastical 'traditions' (pl; small letter 't') - not of the same value as the apostolic tradition.

**Apostolic tradition is the foundation of the faith of the Church**. Particular traditions of churhces do not have the value of the aposotlic tradition.

1.5 The Bible is One Book - Christ **the One Book**

*CCC* No. 134: "All Sacred Scripture is but one book, and this one book is Christ , "because all the divine Scripture speaks of Christ, and all divine Scripture is fulfilled in Christ" (St.Victor).

I.6 The Bible the Sacred Scripture of Christianity: Spiritual Book, especially of Christianity

The Bible is the sacred scripture of christians. But besides christians, it is made use of by a big number of perople of the vast mankind.for their spiritual growth. It is the spiritual book that is read the widest in the world. It is the book that has influenced the humanity the most to inspire, to be converted and to progress on the upright way and achieve the spiritual goal. It is also the book that a major portion of mankind makes the good use to achieve mental and spiritual peace and elevation. Above all, for christians it is Word of God.

**v.i.point: The Bible: history of salvation (salvation history) and salvific history**

Christians venerate the Bible as history of salvation, and salvific history (a history that leads to / brings salvation for the believing readers). The Bible narrates the history, the history of how God saved the sinful world in Jesus Christ. It contains stories of sins and salvation. Stories of sins are included because as example stories they lay open the actual nature of the fallen humanity, but more attractively the way to and grace of divine forgiveness. The way for forgiveness is repentance = re-turn to receive the mercy God.

*CCC* No. 141: "The Church has always venerated the divine scriptures as she venerated the body of the Lord" (DV 21): both nourish and govern the whole Christian life. "Your word is a lamp to my feet and a light to my path" (Ps 119,105; cf. Is 50,4)."

*CCC* No. 135: The sacred scriptures contain the word of God, and because they are divinely inspired they are truly the word of God."

"The four Gospels occupy a central place because Christ is their centre" (CCC No. 139).

God is the author of the sacred scripture, - why? .. "because he inspired its human authors; he acts iin them and by means of them He thus gives assurance that their writingss teach without error his saving truth" (cfr. *DV* No. 11).

# ബൈബിളിന്റെ ദൈവനിവേശനം
(Divine Inspiration of the Bible)

രണ്ട് പ്രധാന വിഷയങ്ങൾ: പരിശുദ്ധാത്മനിവേശനവും അപ്രമാദിത്യവും (Inspiration and Inerrancy)

ബൈബിളിന്റെ ദൈവനിവേശനം എന്ന വസ്തുതയിൽ അന്തർഭവിച്ചിട്ടുള്ള രണ്ടു വിഷയങ്ങളാണ് ബൈബിൾരചനയിലെ പരിശുദ്ധാത്മനിവേശനവും ബൈബിളിന്റെ അപ്രമാദിത്യവും (തെറ്റാവരവും).

E.2.5.1 ബൈബിളിന്റെ ദൈവനിവേശനം എന്തല്ല (Divine Inspiration of the Bible - What it is Not)

ബൈബിളിന്റെ ദൈവനിവേശനം എന്തല്ല എന്നു വ്യക്തമാക്കിക്കൊണ്ട് അത് എന്താണ് എന്ന വിചാരത്തിലേക്കു കടക്കാം.

(a) കേട്ടെഴുത്തല്ല (Divine Inspiration of the Bible: Not Dictation) പരിശുദ്ധാത്മാവ് അക്ഷരംപ്രതി പറഞ്ഞുകൊടുത്തത് കേട്ട് അക്ഷരംപ്രതി ലേഖകന്മാർ പകർത്തിയെഴുതി എന്നല്ല ബൈ ബിൾ ദൈവനിവേശനത്താൽ എഴുതപ്പെട്ടു എന്ന വിശ്വാസത്തിന്റെ അർഥം.

(b) ദൈവാത്മബാധ(ഉന്മാദാവസ്ഥ)യല്ല (not writing in frency)

പരിശുദ്ധാത്മാവ് ബാധിച്ച് രചയിതാവിന്റെ സ്വാഭാവിക ചിന്തയും ഭാവനയും രചനാരീതിയുമൊക്കെ നഷ്ടപ്പെട്ട് അയാൾ ഒരുതരം ദേവബാധയിൽ സ്വബോധംപോലും മറഞ്ഞുപോയ അവസ്ഥയല്ല ദൈവനിവേശനം. ദൈവോന്മാദാവസ്ഥയല്ല. ദൈവികവിചാര,ഭാവനകളാൽ മാത്രം ഭരിക്കപ്പെട്ടിരുന്ന് എഴുതുന്ന സ്ഥിതിവശേഷവുമല്ല തിരുഗ്രന്ഥരചയിലെ ദൈവനിവേശനം. കേവലം യാന്ത്രിക എഴുത്തുപകരണമല്ല മനുഷ്യരചയിതാവ്.

E.2.5.2 ബൈബിളിന്റെ ദൈവനിവേശനം എന്താണ് (Divine Inspiration of the Bible - What it is)

ദൈവം മനുഷ്യർക്കു വെളിപ്പെടുത്താനാഗ്രഹിച്ച രക്ഷാകര സത്യ ങ്ങൾ തെറ്റുകൂടാതെ ആവിഷ്കരിക്കാൻവേണ്ടി, ദൈവജനത്തിന് ചരിത്രസംഭവങ്ങളിലൂടെ ലഭിച്ച ദൈവാനുഭവത്തെ ആധാരമാക്കിയും ദൈവജനത്തിന്റെ വിശ്വാസപാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ടും ദൈവജനത്തിനുവേണ്ടി മനുഷ്യരുടെ ഭാഷയിൽ എഴുതാൻ തിരുഗ്രന്ഥരചയിതാക്കളെ പരിശുദ്ധാത്മാവ് പ്രചോദിപ്പിക്കുകയും എഴുത്തിലുടനീളം പ്രചോദിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു എന്നുള്ള ദൈവജനത്തിന്റെ വിശ്വാസമാണ് ബൈബിളിനെക്കുറിച്ചുള്ള ദൈവനിവേശനവിശ്വാസം.

ഈ വിചാരവിസ്തരണത്തിലേക്കു കടക്കുന്നതിന് ഒരുക്കമായി ബൈബിൾ ലിഖിതരൂപത്തിലായ വഴി സംക്ഷിപ്തമായി ഓർമിക്കുന്നത് ഉചിതവും പ്രസക്തവുമാണ്. ദൈവിക വെളിപാടും ദൈവജനത്തിന്റെയും അതിലെ വ്യക്തികളുടെയും ദൈവാനുഭവും കഥനരൂപങ്ങളിൽ പകർന്നിരുന്നു. വാചിക പാരമ്പര്യത്തിൽ പ്രവാചക, അപ്പോസ്തോലിക പ്രഘോഷണങ്ങളിൽ കൂടുതൽ ആധികാരികതയോടും ഔദ്യോഗികതയോടും ദൈവിക വെളിപാടും ദൈവാനുഭവും കൈമാറപ്പെട്ടു. അവ ആരാധനാഘോഷങ്ങളിൽ വാക്കിലും കർമങ്ങളിലും പകരപ്പെട്ടു. ഇവയുടെയൊക്കെ സ്വാധീനത്തിലുംകൂടിയാണ് ബൈബിൾ ലിഖിതരൂപത്തിലെത്തിയത്.

E.2.5.2(a) ബൈബിളിന്റെ ദൈവനിവേശനം : ബൈബിൾസാക്ഷ്യം (Divine Inspiration of the Bible - Biblical Witness)

2 തീമോ 3, 16-17; 2 പത്രോ 1,19-21; 2 പത്രോ 3,15-16

2 തീമോ 3, 16-17: *ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ദൈവത്തിന്റെ മനുഷ്യൻ എല്ലാ നല്ല പ്രവൃത്തികൾക്കും പ്രാപ്തനായി പൂർണത പ്രാപിക്കുന്നതിനാണിത്.*

2 പത്രോ 1,19-21: ... *പ്രവാചകവചനത്തെക്കുറിച്ചു ഞങ്ങൾക്ക് കൂടുതൽ ഉറപ്പു ലഭിച്ചിരിക്കുന്നു. പ്രഭാതം പൊട്ടിവിടരുകയും പ്രഭാതനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുന്നതുവരെ, ഇരുളിൽ പ്രകാശിക്കുന്ന ദീപമെന്നപോലെ പ്രവാചകവചനം നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ആദ്യം നിങ്ങൾ ഇതു മനസ്സിലാക്കുവിൻ: വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നുംതന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മനുഷ്യന്റെ ഇച്ഛയാൽ വന്നവയല്ല; പരിശുദ്ധാത്മാവാൽ സംവഹിക്കപ്പെട്ട് ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്.*

2 പത്രോ 3,15-16: *നമ്മുടെ പ്രിയപ്പെട്ട സഹോദരനായ പൗലോ സ്തന്നെയും, തനിക്കു ലഭിച്ച ജ്ഞാന*

*മനുസരിച്ച് നിങ്ങൾക്ക് എഴുതിയതുപോലെ, നമ്മുടെ കർത്താവിന്റെ ദീർഘക്ഷമ, രക്ഷയാണെ ന്നു കരുതിക്കൊള്ളുവിൻ... അവയിൽ മനസ്സിലാക്കാൻ വിഷമമുള്ള ചില കാര്യങ്ങളുണ്ട്. അജ്ഞരും ചഞ്ചലചിത്തരുമായ ചിലർ, മറ്റു ലിഖി തങ്ങളെപ്പോലെ അവയും സ്വന്തനാശത്തിനായി വളച്ചൊടിക്കുന്നു.*

E.2.5.2(b) ബൈബിളിന്റെ ദൈവനിവേശനം: സഭാപ്രബോധനം

(Divine Inspiration of the Bible - Teaching of the Church)

വത്തിക്കാൻ II സിനഡ്: *Dei Verbum*: *ദൈവാവിഷ്കരണം,* 3.11:

വിശുദ്ധ ഗ്രന്ഥത്തിൽ ഉള്ളടക്കമായിട്ടുള്ളതും അവതരിപ്പിക്കപ്പെട്ടിട്ടുള്ളവയുമായ ദൈവാവിഷ്കൃത യാഥാർഥ്യങ്ങൾ പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ എഴുതപ്പെട്ടവയാകുന്നു. തിരുസഭാമാതാവ് അപ്പോസ്തലന്മാരുടെ വിശ്വാസത്തിൽ ആശ്രയിച്ചുകൊണ്ട്, പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും എല്ലാ പുസ്തകങ്ങളും, അവ സമസ്തമായും ഭാഗം ഭാഗമായും, വിശുദ്ധവും കാനോനികവും ആണെന്ന് സ്വീകരിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ എഴുതപ്പെട്ടിട്ടുള്ളതിനാൽ (യോഹ 20,31; 2 തീമോ 3,16-17; 2 പത്രോ 1,19-21; 3,15-16) അവയ്ക്ക് ഗ്രന്ഥകർത്താവായി ദൈവമുണ്ട്; അവ്വിധംതന്നെ അവ സഭയ്ക്കു കൈമാറുകയും ചെയ്തിട്ടുമുണ്ട്. തിരുഗ്രന്ഥങ്ങളുടെ രചനയിൽ ദൈവം മനുഷ്യരെ തിരഞ്ഞെടുക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്തപ്പോൾ അവർ തങ്ങളുടെ ശക്തികളും കഴിവുകളും പ്രയോഗിക്കുകയും, അങ്ങനെ തങ്ങളിലും തങ്ങളിലൂടെയും പ്രവർത്തിക്കുന്ന അവിടുത്തോടൊത്ത് യഥാർഥ രചയിതാക്കളായി അവിടുന്ന് ആഗ്രഹിച്ചവയത്രയും അവ മാത്രവും എഴുതാൻ തങ്ങളെത്തന്നെ സമർപ്പിച്ചു. അതുകൊണ്ട്, നിവേശിത ഗ്രന്ഥകർത്താക്കന്മാരാൽ, അതായത്, വിശുദ്ധ ലേഖകരാൽ, സമർഥിക്കപ്പെട്ടതോരോന്നും പരിശുദ്ധാത്മാവിനാൽ സമർഥിക്കപ്പെട്ടതാണെന്ന് ധരിക്കേണ്ടതുണ്ട്. ആകയാൽ, നമ്മുടെ രക്ഷയ്ക്കുവേണ്ടി തിരുലിഖിതങ്ങളിൽ വയ്ക്കാൻ ദൈവം ആഗ്രഹിച്ച സത്യം തിരുഗ്രന്ഥത്തിലെ പുസ്തകങ്ങൾ ഉറപ്പായും വിശ്വസ്തമായും അബദ്ധരഹിതമായും പഠിപ്പിക്കുന്നുവെന്ന് അംഗീകരിക്കണം. അങ്ങനെ, *ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ദൈവത്തിന്റെ മനുഷ്യൻ എല്ലാ നല്ല പ്രവൃത്തികൾക്കും പ്രാപ്തനായി പൂർണത പ്രാപിക്കുന്നതിനാണിത്.* (1 തിമോ 3,16-17).

വിശുദ്ധ പത്രോസിന്റെ *പ്രവാചകവചനം* എന്ന പദം (2 പത്രോ 1,19) വിശുദ്ധ ലിഖിതത്തെ മൊത്തം ഉദ്ദേശിച്ചുള്ളതാണ്.

വത്തിക്കാൻ കൗൺസിലിന്റെ മേലുദ്ധരിച്ചിട്ടുള്ള ഈ വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കുക:

തിരുഗ്രന്ഥങ്ങളുടെ രചനയിൽ ദൈവം മനുഷ്യരെ തിരഞ്ഞെടുക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്തപ്പോൾ അവർ തങ്ങളുടെ ശക്തികളും കഴിവുകളും പ്രയോഗിക്കുകയും, അങ്ങനെ തങ്ങളിലും തങ്ങളിലൂടെയും പ്രവർത്തിക്കുന്ന അവിടുത്തോടൊത്ത് യഥാർഥ രചയിതാക്കളായി അവിടുന്ന് ആഗ്രഹിച്ചവയത്രയും അവ മാത്രവും എഴുതാൻ തങ്ങളെത്തന്നെ സമർപ്പിച്ചു. അതുകൊണ്ട്, നിവേശിത ഗ്രന്ഥകർത്താക്കന്മാരാൽ, അതായത്, വിശുദ്ധ ലേഖകരാൽ, സമർ ഥിക്കപ്പെട്ടതോരോന്നും പരിശുദ്ധാത്മാവിനാൽ സമർഥിക്കപ്പെട്ടതാണെന്ന് ധരിക്കേണ്ടതുണ്ട്. (**ഈ ഉദ്ധരണി മനപ്പാഠമാക്കുക**).

— *പ്രവചനങ്ങൾ ഒരിക്കലും മനുഷ്യന്റെ ഇച്ഛയാൽ വന്നവയല്ല; പരിശുദ്ധാത്മാവാൽ സംവഹിക്കപ്പെട്ട് ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്* (2 പത്രോ 1,21). വി. പത്രോസിന്റെ ഈ വാക്കുകളും പഠിപ്പിക്കുന്നത് തിരുഗ്രന്ഥരചനാനിവേശനപ്രകാരം ദൈവവും മനുഷ്യരചയിതാക്കളും ഒരുപോലെ യഥാർഥ ഗ്രന്ഥകർത്താക്കളാണെ ന്നത്രേ. രചയിതാക്കളായ 'ദൈവത്തിന്റെ മനുഷ്യരുടെ' സ്വാതന്ത്ര്യത്തെ വാക്കുകളുടെയോ പ്രമേയത്തിന്റെയോ രചനാസംവിധാനത്തിന്റെയോ തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ ദൈവം തടയുകയല്ല, ഉത്തേജിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയുമത്രേ ചെയ്യുന്നത്.

E.2.5.2(b) ബൈബിളിന്റെ ദൈവനിവേശനവും അപ്രമാദിത്യവും

(Divine Inspiration and Inerrancy of the Bible)

ദൈവം അപ്രമാദനാണ് (തെറ്റുവരാത്തവനാണ്); അവിടുന്നാണ് തിരുഗ്രന്ഥത്തിന്റെ കർത്താവ്. ആകയാൽ തിരുഗ്രന്ഥത്തിൽ ഒരുവിധതെറ്റുമില്ല എന്നിങ്ങനെയുള്ള വാദമാണ് ബൈബിളിനെക്കുറിച്ചുള്ള അപ്രമാദിത്യവാദം.

ഇതല്ല കത്തോലിക്കാ സഭയുടെ നിലപാട്: അത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മനോഭാവത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്: ബൈ ബിളിന്റെ തെറ്റാവരം നിർണയിക്കുന്നതിൽ ബൈബിൾ ആവിഷ്കരിക്കുന്ന (പഠിപ്പിക്കുന്ന) രക്ഷാകര സത്യവും, പ്രസ്തുത സത്യം ആവി ഷ്കരിക്കാൻ മാനുഷികഗ്രന്ഥകാരന്മാർ അവലം

ബിച്ചിട്ടുള്ള ഭാഷ ആദിയായ മാധ്യമങ്ങളും തമ്മിൽ വ്യവച്ഛേദിച്ചറിയണം. ബൈബി ൾപ്പദങ്ങളുടെ ഉരുവപ്പെടലിലും തിരഞ്ഞെടുപ്പിലും രേഖപ്പെടുത്തലിലും (എഴുത്തിലും) മാനുഷികവും ദൈവികവുമായ മാനങ്ങളുണ്ട്. ദൈവിക വാക്കുകളായ അവ മനുഷ്യവാക്കുകളുമാണ് (theandric)- ഒരേ സമയം പൂർണമായി ദൈവികവും പൂർണമായി മാനുഷികവുമായ വാക്കുകൾ. അവ രക്ഷാചരിത്രത്തിൽ സംഭവിച്ചവയാണ്.

**ബൈബിളിന്റെ തെറ്റാവരം** (inerrancy of the Bible): ബൈബിൾരചനയിൽ രചയിതാക്കളുടെ ഭാഷയിലോ വ്യാകരണത്തിലോ അവർ പറയുന്ന ചരിത്രം, ശാസ്ത്രം, ഭൂമിശാസ്ത്രം എന്നിത്യാദി കാര്യങ്ങളിലോ അബദ്ധങ്ങളിലില്ലെന്നല്ല. ഇവയുടെ തെറ്റുശരികൾ ബൈബിളിന്റെ വിഷയത്തിന്റെ ശരിയെ ബാധിക്കുന്നില്ല. കാരണം, ഇപ്പറഞ്ഞതൊന്നും ബൈബിളിന്റെ വിഷയമല്ല. *രക്ഷയുടെ സത്യമാണ്* ബൈബിളിന്റെ വിഷയം. അത് അവതരിപ്പിക്കുന്നതിൽ ബൈബിളിന് തെറ്റുണ്ടായിട്ടില്ല. **നമ്മുടെ രക്ഷയ്ക്കുവേണ്ടി വിശുദ്ധ ലിഖിതങ്ങളിൽ നല്കാൻ ദൈവം ആഗ്രഹിച്ച സത്യം തെറ്റില്ലാതെ ബൈബിൾ പഠിപ്പിക്കുന്നുണ്ട്.**

— ബൈബിളിന്റെ സത്യം (the truth of the Bible): 1978ലെ അന്തർദേശീയ കൗൺസിൽ: ബൈബിളിന്റെ ആകമാന (total) സത്യവും വിശ്വസനീയതയും സമർഥിച്ചു. ബൈബിൾഗ്രന്ഥങ്ങളിൽചരിത്രപരവും മറ്റു വിധങ്ങളിലുള്ള പൊരുത്തക്കേടുകളും ക്രമഭംഗവും വ്യതിചലനങ്ങളുമൊക്കെയുണ്ട്. എങ്കിലും, ഗ്രന്ഥകാരന്മാർ ഉദ്ദേശിച്ചതും ലക്ഷ്യമാക്കിയതുമായ രക്ഷാകര സത്യം ആവിഷ്കരിക്കുന്നതിൽ അവർക്ക് തെറ്റുണ്ടായിട്ടില്ല. അതായത്,

NB:- - ബൈബിൾവൃത്താന്തങ്ങൾ അബദ്ധരഹിതങ്ങളായിരിക്കുകയെന്നതിനെക്കാൾ, അവയിലും അവയിലൂടെയും ദൈവം തന്റെ ജനത്തെ തന്നോടൊത്തുള്ള സ്നേഹൈക്യത്തിലേക്കു കൊണ്ടുവരുന്നതിലുള്ള അവിടുത്തെ വിശ്വസ്തത പ്രകാശനം ചെയ്യുന്നുവെന്നതിലാണ് ബൈബിളിന്റെ സത്യം അന്തർഭവിച്ചിട്ടുള്ളത്.

### E.2.4 **ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തലിന്റെ ലിഖിതരേഖക ളുടെ അംഗീകാരം - കാനോനികതയും ബൈബിൾകാനോനും**

(Recognition of the Written Documents of God’s Self-Revelation: Canonicity and the Canon of the Bible)

‘ബൈബിൾകാനോൻ’ എന്ന പ്രയോഗം സൂചിപ്പിക്കുന്നത് ദൈവികനിവേശത്താൽ എഴുതപ്പെട്ടതെന്ന് സഭ ഔദ്യോഗികമായി അംഗീകരിച്ച പുസ്കങ്ങളുടെ ലിസ്റ്റ, പട്ടിക, എന്നാണ്. ‘കാനോൻ’ എന്ന ഗ്രീക്കു വാക്കിന് ‘അളവുകോൽ’ എന്നാണർഥം. ചൂരൽ എന്നും അർഥമുണ്ട്. അതു സൂചിപ്പിക്കുന്നത് ആശാരിമാർ ഉപയോഗിക്കുന്ന അളവുകോലിനെ / മുഴക്കോലിനെയാണ്.

‘കാനോൻ’ എന്ന പദം തിരുഗ്രന്ഥത്തിലെ ദൈവനിവേശിതഗ്ര ന്ഥങ്ങളുടെ പട്ടികയെന്ന അർഥത്തിൽ ആദ്യമുപയോഗിച്ചത് എ.ഡി. 250നടുത്ത് ഒരിജൻ എന്ന പണ്ഡിതനാണ്. ഈയർഥത്തിൽ പ്രസ്തുത പദം സഭയിൽ ആദ്യമായുപയോഗിച്ചത് (എ.ഡി. 367ൽ) അലക്സാണ്ട്രിയായിലെ മെത്രാനായിരുന്ന താസിയൂസ് (എ.ഡി. 293-373) അത്രേ. ഈ പദപ്രയോഗത്തിനു പ്രേരകമായത് ദൈവവചനം ക്രിസ്തീയജീവിതത്തിന്റെ മാനദണ്ഡമാണ് എന്നവിചാരമാകാം (ഗലാ 6,16; ഫിലി 3,16). ‘കാനോനികത’ എന്ന പദം ബൈബിളിനോടു ബന്ധപ്പെടുത്തുമ്പോൾ സൂചിപ്പിക്കുന്നത് ഒരു രചനയ്ക്ക് ബൈബി ളിലെ ഒരു ഗ്രന്ഥമായി ഉൾപ്പെടാനുള്ള യോഗ്യതയുടെ മാനദണ്ഡ മത്രേ.

സഭയുടെ വിശുദ്ധ ഗ്രന്ഥത്തിലെ ഒരു ഗ്രന്ഥമാകാനുള്ള സ്വീകാര്യതയുടെ മുഖ്യമാനദണ്ഡം രക്ഷാകര സന്ദേശവും സഭയുടെ സത്യവിശ്വാസവും ദൈവനിവേശനത്താൽ എഴുതപ്പെട്ടതെന്ന വിശ്വാസവുമാണ്. ദൈവനിവേശനത്താൽ എഴുതപ്പെട്ടതാണെന്ന് അംഗീകരിക്കുന്നതിനുപോലും മാനദണ്ഡമാകുന്നത് മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി ദൈവം ആഗ്രഹിച്ച സത്യം സഭയുടെ സത്യവിശ്വാസമനുസരിച്ച് ആവിഷ്കൃതമായിട്ടുണ്ടോ എന്നതാണ്.

രക്ഷാകരമായ ക്രിസ്തീയജീവിതത്തിന്റെ മാനദണ്ഡം എന്ന അർഥത്തിലും ‘കാനോൻ/ന’ എന്ന വാക്ക് സഭ ഉപയോഗിക്കുന്നുണ്ട്. ഈയർഥത്തിലാണ് സഭയുടെ കാനോൻ നിയമത്തിലെ ‘കാനോൻ/ന’ എന്ന വാക്ക് സഭയും സഭാംഗങ്ങളും പ്രയോഗിക്കുന്നതും മനസ്സിലാക്കുന്നതും. കാനോൻ നിയമങ്ങൾ രക്ഷാകരമായപെരുമാറ്റ,അനുവർത്തന വഴികാട്ടികളാണ്.